II ഇ.ബി. XII- കേരള നിയമസഭ/XIV-7

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**ചോദ്യോത്തരങ്ങൾ – സംഗ്രഹം**

2010 മാർച്ച് 10, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

21 (*181) പ്രത്യേക വിനോദസഞ്ചാര മേഖല

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, പ്രത്യേക വിനോദസഞ്ചാര മേഖല കളായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കോവളം, കുമരകം, ഫോർട്ട് കൊച്ചി, മൂന്നാർ എന്നീ പ്രദേശങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനും സമഗ്രവും ആസൂത്രിതവുമായ വികസനത്തിനും വേണ്ടി വിനോദസഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെന്നും കേരളത്തിലെ മറ്റ് പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് ഘട്ടം ഘട്ടമായി ഈ പദ്ധതി വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും സഭയെ അറിയിച്ചു. വിനോദസഞ്ചാര മേഖലകളായി പ്രഖ്യാപിച്ച പ്രദേശങ്ങളുടെ പരിപാലന ത്തിനും വികസനത്തിനും വേണ്ടി രൂപീകരിച്ച കമ്മിറ്റിയിൽ വിനോദസഞ്ചാര

വകുപ്പ് സെക്രട്ടറി ചെയർമാനും ടൂറിസം വകുപ്പ് ഡയറക്ടർ കൺവീനറും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, പുരാവസ്തു വകുപ്പ് ഡയറക്ടർ, ചീഫ് ടൗൺ പ്ലാനർ എന്നിവരും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പരിസ്ഥിതി വിദഗ്ദ്ധൻ, വിനോദസഞ്ചാര മേഖലയിലെ ഒരു വിദഗ്ദ്ധൻ എന്നിവരും ഉൾപ്പെടുന്നു. പ്രത്യേക വിനോദ സഞ്ചാര മേഖലകളായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലം ഉൾപ്പെടുന്ന പ്രദേശത്തെ ജില്ലാ ടൗൺ പ്ലാനറേയും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തലവനേയും കമ്മിറ്റിയിലേയ്ക്ക് കോ-ഓപ്റ്റ് ചെയ്യാൻ ചെയർമാന് അധികാരം ഉണ്ടായിരിക്കും. കമ്മിറ്റി നിരവധി തവണ യോഗങ്ങൾ ചേരുകയും വിനോദ സഞ്ചാര മേഖലയായി പ്രഖ്യാപിച്ച പ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മൂന്നാറിലെ ടൂറിസം വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടി അന്തിമ ഘട്ടത്തിലെത്തിയിരിക്കുകയാണ്. മൂന്നാറിലെ അനുഭവങ്ങൾ ഉൾക്കൊണ്ടുകൊണ്ട് മറ്റുള്ള ടൂറിസം മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നും റെസ്പോൺസിബിൾ ടൂറിസത്തിന് അന്താരാഷ്ട്ര ബഹുമതി ലഭിച്ച കുമരകത്തിനുവേണ്ടി പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. പള്ളിവാസൽ, ചിന്നക്കനാൽ, കാന്തല്ലൂർ, ദേവികുളം, വട്ടവട, മൂന്നാർ എന്നീ ആറ് പഞ്ചായത്തുകൾ കേന്ദ്രീകരിച്ചുകൊണ്ട് തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനിൽ മറയൂർ, ബൈസൺവാലി, ശാന്തൻപാറ, മാങ്കുളം എന്നീ പഞ്ചായത്തുകളെക്കൂടി ഉൾപ്പെടുത്തുന്നതാണ്. പ്രസ്തുത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ചുമതലപ്പെടുത്തിയ ഡൽഹിയിലെ മെസ്സേഴ്സ് കൺസൾട്ടിംഗ് ആന്റ് എൻജിനീയറിംഗ് സർവ്വീസസ് എന്ന സ്ഥാപനം സമർപ്പിച്ച ഇടക്കാല

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. പ്രത്യേക വിനോദ സഞ്ചാര മേഖലകളായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളിലെ ഭൂപ്രകൃതിക്ക് കോട്ടം വരുത്താതെയും പൈതൃക സ്മാരകങ്ങൾ സംരക്ഷിച്ചുകൊണ്ടും വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്ന കേന്ദ്രങ്ങളാക്കി മാറ്റുന്ന തരത്തിലാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. വനം വകുപ്പുമായി ചേർന്നുകൊണ്ട് വനം സംരക്ഷിച്ചുകൊണ്ടുള്ള ഇക്കോ ടൂറിസം പദ്ധതികൾ രൂപകല്പന ചെയ്തുകൊണ്ടിരിക്കുകയാണ്. വനം വകുപ്പുമായി ആലോചിച്ച് തേക്കടിയിൽ പുതിയ ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. ബേക്കലിലേതു പോലെ ആസൂത്രിതമായ ടൂറിസം ഡെസ്റ്റിനേഷൻ കോവളത്തും വർക്കലയിലും നടപ്പാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ആലപ്പുഴയിൽ കൂടുതൽ ടൂറിസം പദ്ധതികൾ ഏറ്റെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിനുവേണ്ടി സ്ഥലം എം.എൽ.എ. ചെയർമാനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ തലവൻ വൈസ് ചെയർമാനുമായുള്ള ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ പ്രവർത്തിച്ചുവരുന്നുണ്ട്. അവയുടെ പ്രവർത്തനം വിലയിരുത്തിയശേഷം ആവശ്യമാണെങ്കിൽ തുടർ നിർദ്ദേശങ്ങൾ കൊടുക്കാവുന്നതാണ്. വാഗമണ്ണിൽ പാരാ ഗ്ലൈഡിംഗിനുവേണ്ടി പ്രത്യേക പ്രോജക്ട് സമർപ്പിക്കുന്നതിന് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മലപ്പുറത്തെ കോട്ടക്കുന്നിൽ വ്യവസായ വകുപ്പും ടൂറിസം വകുപ്പും സംയുക്തമായി ഒരു റോപ്പ് വേ സ്ഥാപിക്കുന്നതിന് ആലോചിച്ചു കൊണ്ടിരിക്കുകയാണ്. പിൽഗ്രിം ടൂറിസത്തിനുള്ള എല്ലാ സാദ്ധ്യതകളും പ്രയോജനപ്പെടുത്തുന്നതാണെന്നും ടൂറിസം പോലീസിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതാണെന്നും ശംഖുമുഖത്തെയും വേളിയിലെയും നിർമ്മാണ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട

വകുപ്പുകളുടെ ഏകോപനത്തോടെ പൂർത്തീകരിക്കാനുള്ള ഇടപെടൽ നടത്തുന്നതാണെന്നും തട്ടേയ്ക്കാടും തേക്കടിയിലുമൊക്കെ ഉണ്ടായതു പോലുള്ള ദുരന്ത സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ കരുതൽ നടപടികൾ സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

22 (*182) <u>ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം</u>

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) നൽകിയ മറുപടിയിൽ, ഗ്രാമപഞ്ചായത്തുകളിൽ നിന്നും ജനങ്ങൾക്ക് ലഭ്യമാകേണ്ട സേവനങ്ങൾ സുഗമമായും സമയബന്ധിത മായും ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ഫ്രണ്ട് ഓഫീസ് സംവിധാനം എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഏർപ്പെടുത്തിയിട്ടുള്ളതെന്നും വയനാട് ജില്ല യിലെ ഗ്രാമപഞ്ചായത്തുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കി ഫലപ്രദമെന്ന് കണ്ടെത്തിയതിനുശേഷമാണ് സംസ്ഥാനത്ത് എല്ലാ ഗ്രാമപ ഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചതെന്നും സഭയെ അറിയിച്ചു. പൊതുജനങ്ങളിൽ നിന്നും അപേക്ഷകൾ സ്വീകരിച്ച് സമയബന്ധിതമായി സേവനം ലഭ്യമാക്കുന്നതി നുള്ള നടപടിക്രമങ്ങളും, അതിനാവശ്യമായ ഫാറങ്ങൾ, രജിസ്റ്ററുകൾ, ജീവ നക്കാരുടെ ചുമതലകൾ, പ്രവർത്തന സമയം, മോണിറ്ററിംഗ് സംവിധാനം തുടങ്ങിയവ സംബന്ധിച്ചും ഓഫീസിലെത്തുന്ന പൊതുജനങ്ങൾക്കായി ഏർപ്പെടുത്തേണ്ട സൗകര്യങ്ങൾ സംബന്ധിച്ചും വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത ഓഫീസിൽ നൽകുന്ന പരാതിയിന്മേൽ സേവനം ലഭ്യമാക്കുന്ന തീയതി കൈപ്പറ്റ് രസീതിൽ രേഖപ്പെടുത്തി നൽകുകയും ആ

തീയതിക്കകം തന്നെ പരാതിയിന്മേൽ സേവനം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ഇതുസംബന്ധിച്ച് എന്തെങ്കിലും പരാതികളുണ്ടെങ്കിൽ പരിശോധിച്ച് പരിഹാരം കാണുന്നതാണ്. ഫ്രണ്ട് ഓഫീസ് ആരംഭിക്കുന്നതിന് ഭൗതിക സൗകര്യങ്ങൾ അപര്യാപ്തമാണെങ്കിൽ അത് പരിഹരിക്കുന്നതിനായി തനത് ഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നോ തുക വകയിരുത്തി പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് ഐ.കെ.എം. ഒരു പ്രത്യേക സോഫ്റ്റ്‌വെയർ തയ്യാറാക്കി ഗ്രാമപഞ്ചായത്തുകളിൽ വിന്യസിച്ചു വരികയും ഫ്രണ്ട് ഓഫീസ് മാന്വൽ തയ്യാറാക്കിവരികയും ചെയ്യുന്നുണ്ട്. ഗ്രാമപഞ്ചായത്ത് ജീവനക്കാർക്ക് കിലയുടെ നേതൃത്വത്തിൽ കമ്പ്യൂട്ടർ പരിശീലനം നൽകുന്നുണ്ട്. ഫ്രണ്ട് ഓഫീസുകളുടെ പ്രവർത്തനം ഫലപ്രദമായും കാര്യക്ഷമമായും നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ എല്ലാ ജില്ലകളിലേയും ഡെപ്യൂട്ടി ഡയറക്ടർമാർ പ്രതിമാസം കുറഞ്ഞത് അഞ്ചും അസിസ്റ്റന്റ് ഡയറക്ടർമാർ കുറഞ്ഞത് പത്തും ഗ്രാമപഞ്ചായത്തുകളിൽ വീതം പരിശോധന നടത്തി പ്രവർത്തനം വിലയിരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വാർദ്ധക്യകാല പെൻഷനുള്ള അപേക്ഷ ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കാത്തതു സംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും വിവിധ വകുപ്പുകളിൽ നിന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകിട്ടിയിട്ടുള്ള ജീവനക്കാരുടെ സേവനം ഫലപ്രദമായി ഉപയോഗ പ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

23 (*183) <u>മത്സ്യത്തൊഴിലാളികൾക്കുള്ള കടാശ്വാസ പദ്ധതി</u>

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്.ശർമ്മ) നൽകിയ മറുപടിയിൽ, മത്സ്യത്തൊഴിലാളികളുടെ കടാശ്വാസത്തിനായി സംസ്ഥാന ഗവൺമെന്റ് 126.85 കോടി രൂപ ചെലവഴിച്ചെന്നും സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി സുനാമി ബാധിത മേഖലയിലെ കടാശ്വാസ നടപടികൾക്കായി 18.5 കോടി രൂപ കേന്ദ്രഗവൺമെന്റ് നീക്കിവച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന് ലഭിച്ച ഒരു ലക്ഷത്തി എണ്ണായിരത്തിലധികം അപേക്ഷകളിൽ 58,585 എണ്ണത്തിൽ തീർപ്പുകൽപ്പിച്ചിട്ടുണ്ട്. ഭവന വായ്പ, വിദ്യാഭ്യാസ വായ്പ, ചികിത്സാ വായ്പ, തൊഴിലുപകരണങ്ങൾക്കുള്ള വായ്പ, പെൺമക്കളുടെ വിവാഹത്തിനുള്ള വായ്പ എന്നിവ എടുത്തിട്ടുള്ള വരെയാണ് കടാശ്വാസത്തിന്റെ നടപടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആദ്യഘട്ടത്തിൽ മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ വഴിയും ദേശീയ സഹകരണ വികസന കോർപ്പറേഷൻ വഴിയും എടുത്തിട്ടുള്ള വായ്പകൾക്കാണ് ആശ്വാസ നടപടികൾ സ്വീകരിച്ചത്. രണ്ടാംഘട്ടമെന്ന നിലയിൽ മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ വഴി പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ തുടങ്ങിയ വിവിധ ധനകാര്യ ഏജൻസികളിൽ നിന്നും പ്രൈമറി സഹകരണസംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. അതിൽ പലിശയുടേയും പിഴപ്പലിശയുടേയും ഗ്രാവിറ്റി നോക്കി മുതലിന്റെ എത്ര ശതമാനം എഴുതിത്തള്ളാൻ കഴിയുമെന്നുള്ളത് കമ്മീഷന്റെ റെക്കമെന്റേഷൻ

വന്നശേഷമേ തീരുമാനിക്കാൻ കഴിയുകയുള്ളൂ. ഏപ്രിൽ മാസത്തോടുകൂടി രണ്ടാംഘട്ട കടാശ്വാസ നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്. വായ്പ എഴുതിത്തള്ളുന്നതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബാങ്കിംഗ് മാനേജുമെന്റുകളുടെ കോൺഫറൻസ് വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഹഡ്കോയിൽ നിന്നെടുത്തിട്ടുള്ള വായ്പയും എഴുതിത്തള്ളിയിട്ടുണ്ടെന്നും പഞ്ഞമാസക്കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകാനായി നടപ്പിലാക്കിയിട്ടുള്ള സ്കീമിൽ എ.പി.എൽ./ബി.പി.എൽ. വ്യത്യാസം ഉണ്ടാകാൻ പാടില്ലെന്നുള്ളതാണ് സർക്കാരിന്റെ നയപരമായ തീരുമാനമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1586 മുതൽ 1839 വരെയുള്ള ചോദ്യങ്ങളിൽ 212 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)